**കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി**

**തിരുവനന്തപുരം**


# നാലാംതരം തുല്യതാ കോഴ്സ്

## (പതിനെട്ടാം ബാച്ച്)

# പ്രോസ്പെക്ടസ് & കോഴ്സ് കലണ്ടർ

# 2025


**തദ്ദേശസ്വയംഭരണ വകുപ്പ്**

**പൊതുവിദ്യാഭ്യാസ വകുപ്പ്**

**കേരള സർക്കാർ**

# ആമുഖം

കേരളസർക്കാർ തദ്ദേശസ്വയംഭരണവകുപ്പിനുകീഴിൽ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ അക്കാദമികചുമതലയോടെ പ്രവർത്തിക്കുന്ന ഒരു സ്വയംഭരണ സ്ഥാപനമാണ് സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി. ഔപചാരിക വിദ്യാഭ്യാസത്തിന് അവസരം ലഭിക്കാതെ പോയവർക്കും സമൂഹത്തിന്റെ മുഖ്യ ധാരയിൽനിന്ന് പാർശ്വവൽക്കരിക്കപ്പെട്ടവർക്കും തുടർപഠനത്തിന് അവസരം നൽകുന്ന പഠനപരിപാടിയാണ് സാക്ഷരതാമിഷൻ നടത്തുന്ന തുല്യതാ കോഴ്സുകൾ.

2015-16ൽ സംസ്ഥാനത്ത് നടപ്പാക്കിയ അതുല്യം രണ്ടാംഘട്ട പദ്ധതിയിലൂടെ കേരളം സമ്പൂർണ പ്രാഥമിക വിദ്യാഭ്യാസം നേടിയ സംസ്ഥാനമായി പ്രഖ്യാപിക്കപ്പെട്ടുവെങ്കിലും അവശേഷിക്കുന്നവർക്കുകൂടി പ്രാഥമികവിദ്യാഭ്യാസം നൽകുകയെന്ന ലക്ഷ്യത്തോടെ പദ്ധതി തുടരുകയാണ്.

മാറുന്ന ലോകത്തിനും കാലത്തിനും അനുസരിച്ച് അറിവ് പകർന്നു കൊടുക്കുക എന്നത് സുപ്രധാനമായ സാമൂഹ്യ കടമയാണ്. പഠിക്കാൻ ആഗ്രഹിക്കുന്ന ഏവർക്കും തുടർപഠനത്തിന് അവസരമൊരുക്കുക എന്നതാണ് നാലാംതരം തുല്യതാപരിപാടിയുടെ ലക്ഷ്യം. ഇതിന്റെ പ്രയോജനം സമൂഹ ത്തിലെ 15 വയസ്സിനുമുകളിലുള്ള, പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കാത്ത എല്ലാ ജനവിഭാഗങ്ങൾക്കും ലഭ്യമാകാനുള്ള ആത്മാർഥമായ പരിശ്രമവും ചിട്ടയായ പ്രവർത്തനങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ജനപ്രതിനിധികളുടെയും സന്നദ്ധ സംഘടനകളുടെയും ഭാഗത്തുനിന്നുണ്ടാവണ മെന്ന് അഭ്യർഥിക്കുന്നു.

തിരുവനന്തപുരം

**ഒലീന എ.ജി**
ഡയറക്ടർ

# നാലാംതരം തുല്യതാ കോഴ്സ്
# പതിനെട്ടാം ബാച്ച് (2025)

## <u>പ്രോസ്പെക്ടസ്</u>

### കോഴ്സിന്റെ കാലയളവ്

ആറ് മാസം

### പാഠ്യപദ്ധതി

നാലാംതരം ഔപചാരിക വിദ്യാഭ്യാസത്തിന്റെ പാഠ്യപദ്ധതികളിൽനിന്ന് വ്യത്യസ്തമായി പഠിതാവിന്റെ അനുഭവങ്ങളും അറിവും സമന്വയിപ്പിക്കുന്ന രീതിയിൽ വിദഗ്ധ സമിതി തയാറാക്കിയ പാഠ്യപദ്ധതി അനുസരിച്ച് മലയാളം, ഇംഗ്ലീഷ്, പരിസ്ഥിതി പഠനം, ഗണിതം, തൊഴിൽപരിശീലനം എന്നീ അഞ്ച് വിഷയങ്ങൾ ഉൾപ്പെടുത്തിയാണ് തയാറാക്കിയിരിക്കുന്നത്.

### കോഴ്സിൽ ചേരുന്നതിനുള്ള യോഗ്യതകൾ

1) പ്രായം - രജിസ്ട്രേഷൻ സമയത്ത് 15 വയസ്സ് പൂർത്തിയായിരിക്കണം

2) 15 വയസ്സിനു താഴെ - ശാരീരിക മാനസിക സവിശേഷതയുള്ളവർ

### ഗുണഭോക്താക്കൾ

1. നവസാക്ഷരർ
2. ഔപചാരിക നാലാംക്ലാസിന് അവസരം ലഭിക്കാത്തവർ.
3. സ്കൂളിൽനിന്ന് കൊഴിഞ്ഞുപോയവർ.

### സമീപനം

1. പ്രായംകൊണ്ടും ജീവിതസാഹചര്യങ്ങൾകൊണ്ടും അനുഭവങ്ങൾകൊണ്ടും വ്യത്യസ്തരായവരെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുക എന്നത് അനിവാര്യമായ കടമയാണ്. ഇവർ പലതരത്തിലുള്ള കഴിവും അറിവും മനോഭാവങ്ങളും നൈപുണികളും സ്വായത്തമാക്കി കഴിഞ്ഞവരാണ്. അതുകൂടി പരിഗണിച്ചുകൊണ്ടാണ് തുടർവിദ്യാഭ്യാസ പരിപാടികൾ ആവിഷ്കരിച്ചിട്ടുള്ളത്. ഇവരുടെ സാമാന്യബോധത്തെ ശാസ്ത്രീയ ബോധത്തിലേക്ക് ഉയർത്താനുതകുന്ന പ്രവർത്തനപരിപാടികളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

2. എഴുതാനും വായിക്കാനും തന്റെ മനസ്സിൽ രൂപപ്പെടുന്ന ആശയങ്ങൾ വൈവിധ്യമാർന്ന രീതിയിൽ പ്രകടിപ്പിക്കാനും പഠിതാവിന് കഴിയണം.

3. ഗണിതപരമായി അളക്കുന്നതിനും കണക്കു കൂട്ടുന്നതിനും ശാസ്ത്രബോധത്തോടെ പ്രവർത്തിക്കുന്നതിനുമുള്ള കഴിവുകൾ പഠിതാവിൽ വികസിച്ചുവരണം. ഓരോ പാഠവും അവതരിപ്പിക്കുക വഴി പഠിതാവ് എന്തൊക്കെ ആർജിച്ചിരിക്കണമെന്നും അതിന് അവശ്യം ചെയ്യേണ്ടതെന്തെന്നും മാത്രമേ ഈ സഹായി ചൂണ്ടിക്കാണിക്കുന്നുള്ളൂ. ഇതിൽ പറഞ്ഞിരിക്കുന്ന ഉദാഹരണങ്ങൾ മാത്രമല്ല, ധാരാളം സമാന മാതൃകകളും കണ്ടെത്തി വേണം ക്ലാസുകൾ സജീവമാക്കാൻ.

4. വെല്ലുവിളികളെ നേരിടാനുള്ള കരുത്ത് നൽകലും സാംസ്കാരിക മൂല്യബോധം സൃഷ്ടിക്കലും സാധ്യമാവുന്നവിധത്തിലാണ് പദ്ധതി ആസൂത്രണം ചെയ്തിട്ടുള്ളത്.

5. അനുഭവങ്ങളും പരിശീലനത്തിലൂടെ ലഭിക്കുന്ന അറിവും മനോഭാവവും ഒത്തുചേരുമ്പോൾ പഠിതാക്കൾക്ക് പഠനം ആനന്ദകരമാകണം. പഠനത്തിനായി ഉൾപ്പെടുത്തിയിരിക്കുന്ന വിഷയങ്ങൾ, മാർക്ക് എന്നിവ താഴെ പറയുന്ന രീതിയിലാണ്.

| വിഷയം | വിജയിക്കാൻ വേണ്ട മാർക്ക് | ആകെ മാർക്ക് |
|---|---|---|
| മലയാളം | 30 | 75 |
| ഇംഗ്ലീഷ് (എഴുത്തുപരീക്ഷ)<br>(നിരന്തരമൂല്യനിർണയം) | 15 | 40<br>10 |
| നമ്മളും നമുക്കുചുറ്റും | 30 | 75 |
| ഗണിതം | 30 | 75 |

**അപേക്ഷിക്കേണ്ട രീതി**

അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. (kslma.keltron.in). ജില്ലാ സാക്ഷരതാമിഷൻ ഓഫീസുകളുടെ വിലാസവും ഫോൺ നമ്പരും അനുബന്ധമായി ചേർത്തിട്ടുണ്ട്.

## തുടർ/വികസനവിദ്യാകേന്ദ്രം പ്രേരക്മാർക്കുള്ള പൊതുനിർദേശങ്ങൾ

1. തുടർവിദ്യാഭ്യാസപരിപാടികളിൽ ആദ്യഘട്ടമാണ് നാലാംതരം തുല്യതാ പരിപാടി.
2. 45 വയസ്സിനുമുകളിൽ പ്രായമുള്ള, താൽപ്പര്യമുള്ള ഏതൊരു വ്യക്തിക്കും ഈ അവസരം നിഷേധിക്കാൻ പാടില്ല.
3. നാലാംതരം തുല്യതാ പഠിതാക്കൾ 5 വിഷയങ്ങൾ പഠിക്കണം. മലയാളം, ഇംഗ്ലീഷ്, ഗണിതം, നമ്മളും നമുക്കുചുറ്റും (പരിസരപഠനം), ഒരു തൊഴിൽ എന്നിവയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.
4. ആറുമാസം കൊണ്ട് പൂർത്തിയാകത്തക്കവിധം ആഴ്ചയിൽ 6 ദിവസം 2 മണിക്കൂർ വീതം ക്ലാസുകൾ ക്രമപ്പെടുത്തേണ്ടതാണ്.
5. പഠിതാക്കൾക്ക് സൗകര്യപ്രദമായിട്ടായിരിക്കണം പഠനകേന്ദ്രങ്ങൾ തെരഞ്ഞെടുക്കേണ്ടത്.
6. പഠിതാക്കളുടെ സൗകര്യാർഥം വൈകുന്നേരങ്ങളിലോ അവധി ദിവസങ്ങളിലോ ക്ലാസുകൾ നടത്തണം.
7. കോഴ്സ് കലണ്ടർ പ്രകാരം ടൈംടേബിൾ തയാറാക്കി പഠിതാക്കൾക്ക് നൽകണം.
8. റിട്ടയർ ചെയ്ത അധ്യാപകർ, തുടർവിദ്യാഭ്യാസ പ്രവർത്തകർ, യുവജനങ്ങൾ, പൊതുപ്രവർത്തകർ തുടങ്ങിയവരുടെ സേവനം അധ്യാപനത്തിന് പ്രയോജനപ്പെടുത്തണം.
9. നാലാംതരം തുല്യതാ ക്ലാസിലെ പഠിതാക്കൾക്കും ഇംഗ്ലീഷ് ആശയവിനിമയത്തിനുള്ള മിനിമം ശേഷി നൽകണം.

### ജനനതീയതി

ജനനതീയതി തെളിയിക്കുന്നതിന് ജനനസർട്ടിഫിക്കറ്റ്, സർക്കാർ റവന്യൂ വകുപ്പ് നൽകുന്ന മതിയായ രേഖകൾ എന്നിവയിൽ ഏതെങ്കിലും ഒന്നിന്റെ പകർപ്പ് സ്വയം സാക്ഷ്യപ്പെടുത്തിയത് ഹാജരാക്കേണ്ടതാണ്. രേഖകൾ ഹാജരാക്കാത്തവർക്ക് **'രേഖകൾ ഹാജരാക്കിയിട്ടില്ല'** എന്ന് രേഖപ്പെടുത്തി സർട്ടിഫിക്കറ്റ് നൽകുന്നതാണ്.

### പരീക്ഷ

ജില്ലാ ഓഫീസിൽനിന്നും നൽകുന്ന രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ലഭിക്കുന്ന പഠിതാക്കൾക്ക് മാത്രമേ പൊതുപരീക്ഷയിൽ പങ്കെടുക്കുവാൻ അർഹതയുള്ളൂ. വിദ്യാഭ്യാസയോഗ്യത/വയസ്സ് തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം പരീക്ഷ എഴുതാൻ അപേക്ഷ നൽകേണ്ടതാണ്.

### അപേക്ഷ നിരസിക്കപ്പെടാവുന്ന സാഹചര്യം

അപേക്ഷ അവ്യക്തവും അപൂർണവുമായാൽ.

### പഠനസാമഗ്രികൾ

സംസ്ഥാന സാക്ഷരതാമിഷന്റെ ജില്ലാ ഓഫീസുകളിൽനിന്ന് പാഠപുസ്തകവും കൈപ്പുസ്തകവും കോഴ്സ് ആരംഭിക്കുമ്പോൾ വിതരണം ചെയ്യുന്നതാണ്. പാഠപുസ്തകത്തിന് 50/- രൂപയാണ് വില നിശ്ചയിച്ചിട്ടുള്ളത്.

# നാലാംതരം തുല്യതാ കോഴ്സ് കലണ്ടർ 2025

| | ജൂൺ | ജൂലൈ | ആഗസ്റ്റ് | സെപ്തംബർ | ഒക്ടോബർ | നവംബർ | ഡിസംബർ | ജനുവരി |
|---|---|---|---|---|---|---|---|---|
| മലയാളം | 1.ആവശ്യത്തിൽ കൂടുതലുപയോഗിക്കാൻ ആർക്കും അവകാശമില്ല.<br>2. സ്ത്രീധനം ചോദിക്കരുത്, കൊടുക്കരുത് | 3.നമ്മുടെ ഭാഷ<br>4. അതിരില്ലാത്ത വെള്ളത്തിനെ തിരുണ്ടോ? | 5.വായിച്ചു വളരുക<br>6. ഓരോരാളും ശ്രദ്ധിച്ചാലേ നാട് നന്നാവൂ | 7. പാടാം രസിക്കാം<br>8. വഴക്കവസാനിച്ചു | 9.പഴഞ്ചൊല്ല്<br>10. ആയിശുമ്മയും കമ്പ്യൂട്ടർ പഠിച്ചു | 11.ഒരച്ഛൻ മകൾക്കയച്ച കത്തുകൾ<br>12.മരപ്പാവകൾ | 15 വരെ ആവർത്തനം | ഫലപ്രഖ്യാപനം, സർട്ടിഫിക്കറ്റ് വിതരണം |
| ഇംഗ്ലീഷ് | | Unit 1 | Unit 1<br>Unit 2 | Unit 2<br>Unit 3 | Unit 3 | ആവർത്തനം | | |
| നമ്മളും നമുക്കു ചുറ്റും | 1. നമ്മുടെ പ്രാഥമിക ആവശ്യങ്ങൾ<br>2. വികസനമെന്നാൽ | 3. നേർപകുതിയുടെ നേരുകൾ<br>4. അധികാരം ജനങ്ങളിലേക്ക്-1<br>5. അധികാരം ജനങ്ങളിലേക്ക്-2 | 6. ഞാൻ പേന ഞങ്ങൾ പേനകൾ | 7. ഊർജ്ജമാണവികസാരമൂഴിയിൽ<br>8. സസ്യലോകം<br>9. ജന്തുലോകം | 10. സൂക്ഷ്മ ജീവികൾ<br>11. നമ്മുടെ നിയമ | 12. വിഭവങ്ങൾ<br>13. മനുഷ്യനും പ്രപഞ്ചവും<br>14. ശാലിനിയുടെ മുത്തശ്ശി | മാതൃകാ പരീക്ഷ | |
| ഗണിതം | 1. ചതുഷ്ക്രിയകൾ | 2. നിരക്ക്, കച്ചവടം | 3. പലിശ<br>4. സമയം | 5. അളവുകളും തൂക്കങ്ങളും | 6. ഭിന്നസംഖ്യകൾ | 7. രൂപങ്ങൾ | | |
| തൊഴിൽ | പഠിതാക്കൾക്ക് സൗകര്യപ്രദമായ ഒരു തൊഴിൽ | പഠിതാക്കൾക്ക് സൗകര്യപ്രദമായ ഒരു തൊഴിൽ | പഠിതാക്കൾക്ക് സൗകര്യപ്രദമായ ഒരു തൊഴിൽ | പഠിതാക്കൾക്ക് സൗകര്യപ്രദമായ ഒരു തൊഴിൽ | പഠിതാക്കൾക്ക് സൗകര്യപ്രദമായ ഒരു തൊഴിൽ | പഠിതാക്കൾക്ക് സൗകര്യപ്രദമായ ഒരു തൊഴിൽ | പൊതുപരീക്ഷ | |

## അനുബന്ധം

# ജില്ലാ സാക്ഷരതാമിഷൻ ഓഫീസുകൾ

1. തിരുവനന്തപുരം : ജില്ലാ സാക്ഷരതാമിഷൻ, ജില്ലാ പഞ്ചായത്ത് ഓഫീസ്, പട്ടം.പി.ഒ, തിരുവനന്തപുരം-4. ഫോൺ : 0471-2556740

2. കൊല്ലം : ജില്ലാ സാക്ഷരതാമിഷൻ, ജില്ലാ പഞ്ചായത്ത് ഓഫീസ് തേവള്ളി. പി.ഒ, കൊല്ലം-9 ഫോൺ : 0474-2798020

3. പത്തനംതിട്ട : ജില്ലാ സാക്ഷരതാമിഷൻ, സിവിൽ സ്റ്റേഷൻ പത്തനംതിട്ട. ഫോൺ : 0468-2220799

4. ആലപ്പുഴ : ജില്ലാ സാക്ഷരതാമിഷൻ, ജില്ലാ പഞ്ചായത്ത് ഓഫീസ് ആലപ്പുഴ. ഫോൺ : 0477-2252095

5. കോട്ടയം : ജില്ലാ സാക്ഷരതാമിഷൻ, വയസ്കരക്കുന്ന്, കോട്ടയം-686 001. ഫോൺ : 0481-2302055

6. ഇടുക്കി : ജില്ലാ സാക്ഷരതാമിഷൻ, ജില്ലാ പഞ്ചായത്ത്, കുയിലിമല, പൈനാവ്.പി.ഒ, ഇടുക്കി-685 603. ഫോൺ : 0486-2232294

7. എറണാകുളം : ജില്ലാ സാക്ഷരതാമിഷൻ, സിവിൽ സ്റ്റേഷൻ, കാക്കനാട്, എറണാകുളം-682 030. ഫോൺ : 0484-2426596

8. തൃശ്ശൂർ : ജില്ലാ സാക്ഷരതാമിഷൻ, ജില്ലാ പഞ്ചായത്ത് ഓഫീസ്, അയ്യന്തോൾ, തൃശ്ശൂർ-3, ഫോൺ : 04874-235024

9. പാലക്കാട് : ജില്ലാ സാക്ഷരതാമിഷൻ, ജില്ലാ പഞ്ചായത്ത് ഓഫീസ്, പാലക്കാട്-678 001. ഫോൺ : 0491-2505179

10. മലപ്പുറം : ജില്ലാ സാക്ഷരതാമിഷൻ, ജില്ലാ പഞ്ചായത്ത്, സാക്ഷരതാ ഭവൻ, മലപ്പുറം-676 505. ഫോൺ : 0483-2734670

11. കോഴിക്കോട് : ജില്ലാ സാക്ഷരതാമിഷൻ, ജില്ലാ പഞ്ചായത്ത് ഭവൻ, കോഴിക്കോട്-20. ഫോൺ : 0495-2370053

12. വയനാട് : ജില്ലാ സാക്ഷരതാമിഷൻ, സിവിൽ സ്റ്റേഷൻ, കൽപ്പറ്റ, വയനാട്-673 122. ഫോൺ : 0493-6202091

13. കണ്ണൂർ : ജില്ലാ സാക്ഷരതാമിഷൻ, ജില്ലാ പഞ്ചായത്ത് ഓഫീസ്, കണ്ണൂർ-670 002. ഫോൺ : 0497-2707699

14. കാസറഗോഡ് : ജില്ലാ സാക്ഷരതാമിഷൻ, ജില്ലാ പഞ്ചായത്ത്, വിദ്യാനഗർ.പി.ഒ, കാസറഗോഡ്-671 123. ഫോൺ : 04994-255507